എറണാകുളം ജില്ലാ കളക്ടറുടെ നടപടിക്രമം

(ഹാജർ : പ്രിയങ്ക ജി ഐ എ എസ്)

സി.11- 990/2025 തീയതി —

വിഷയം:- IURWTS— തേവര കല്ലുപാലം - സാമൂഹ്യ പ്രത്യാഘാത പഠനം സമിതി രൂപീകരിക്കൽ—2013 LARR ACT പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് അംഗീകാരം നൽകി ഉത്തരവാകുന്നത് — സംബന്ധിച്ച്.

പരാമർശം:- 1. KMRL ന്റെ 3-1-2026 ലെ KMRL/PROJ/DGM(CIVIL-IURWTS1)/2025/372/2-2026- ാാം നമ്പർ അർത്ഥന.

2GO(Rt) No. 1991/21/RD dated 09-06-2021 നമ്പർ അനുമതി.

3. ജില്ലാകളക്ടറുടെ 4-11-2025 ലെ സി.11/990/2025 നമ്പർ നടപടിക്രമം.

4. 13-05-2025 ലെ 1565 നമ്പർ അസാധാരണ ഗസറ്റ്.

5. ഭാരത് മാത എക്സ്റ്റൻഷൻ ഫോർ ഓർഗാനിക് റിസർച്ച് ആന്റ് എൻവയോൺമെന്റ് ചെയർമാന്റെ 13-08-2026 തീയതിയിലെ പഠന റിപ്പോർട്ട്.

6. ജില്ലാകളക്ടറുടെ 30/10/2026 ലെ സി.11-990/2025 നമ്പർ നടപടിക്രമം.

7. വിദഗ്ധ സമിതിയുടെ 30-10-26 ലെ റിപ്പോർട്ട്.

* ** ** **

IURWTS പദ്ധതിയുടെ ഭാഗമായി തേവര കല്ലുപാലം നിർമ്മാണത്തിനായി എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജ് 898/1 pt,898/2 pt,899/3pt,935/17pt,939/8pt എന്നീ സർവ്വേ നമ്പറുകളിലായി 0.3802 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 3-1-26 ൽ ജില്ലാകളക്ടർക്ക് അർത്ഥന നൽകിയിരുന്നതും ആയതിനു പരാമർശം (2) പ്രകാരം സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്.

തുടർന്ന് ജിലാകളക്ടറുടെ പരാമർശം (3) നടപടിക്രമം പ്രകാരം പൊന്നുംവില ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) KMRP നമ്പർ- 2 കാക്കനാടിനെ നിയമിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

RFCTLARR ACT 2013 സെക്ഷൻ (4) പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി ഭാരത് മാത എക്സ്റ്റൻഷൻ ഫോർ ഓർഗാനിക് റിസർച്ച് ആന്റ് എൻവയോൺമെന്റ് നെ മേൽ പരാമർശം (4) മുഖേന നിയുക്തമാക്കിയിട്ടുള്ളതുമാണ്. ടി യൂണിറ്റ് മേൽ പരാമർശം (5) മുഖേന പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, ടി റിപ്പോർട്ട് വിലയിരുത്തുന്നതിനായി മേൽ പരാമർശം (6) പ്രകാരം വിദഗ്ധ സമിതി രൂപീകരിച്ചിട്ടുള്ളതാണ്.

വിദഗ്ധ സമിതി 24-9-26 -ാം തീയതി യോഗം ചേരുകയും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുകയും അവരുടെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തേവര കല്ലുപാലം നിർമ്മാണത്തിനായി എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജ് 898/1 pt,898/2 pt,899/3pt,935/17pt,939/8pt എന്നീ സർവ്വേ നമ്പറുകളിലായി 0.3802 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് ഇതിനാൽ അനുമതി നൽകി ഉത്തരവാകുന്നു.

ഈ ഉത്തരവ് പകർപ്പ്, LARR ACTന്റെ വകുപ്പ് 8 ഠൾ 16 എന്നിവ അനുശാസിക്കുന്ന പ്രകാരം പ്രസിദ്ധപ്പെടുത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ - 2, കെ.എം.ആർ.പി യെ ഇതിനാൽ ചുമതലപ്പെടുത്തുന്നു.

ജില്ലാ കളക്ടർ
എറണാകുളം

പകർപ്പ്:-1. ഡയറക്ടർ (പ്രോജക്ട്സ്) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്
2.സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ - 2, കെ.എം.ആർ.പി, കാക്കനാട്
3. സ്റ്റോക്ക് ഫയൽ.

Digitally signed by
PRIYANKA G I A S
Date: 17-10-2026
12:12:41